بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 17.11.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ തുടർച്ച

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്ന റസൂൽ(സ)ന്റെ ജീവചരിത്ര പശ്ചാത്തലത്തിൽ കഴിഞ്ഞ ഖുത്ബയുടെ അവസാനത്തിൽ പരാമർശിച്ച ഫുറാത്ത് ബിൻ ഹയാൻ ഇസ്‌ലാം സ്വീകരിച്ച സംഭവത്തിന്റെ കൂടുതൽ വിശദാംശം ഇപ്രകാരമാണ്, ബന്ദിയാക്കപ്പെട്ടിരുന്ന ഇദ്ദേഹത്തിന് ബദർ യുദ്ധദിനത്തിലും പരിക്കേറ്റിരുന്നുവെങ്കിലും എങ്ങനെയോ ബന്ധനത്തിൽനിന്ന് ഓടി രക്ഷപ്പെട്ടിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) അയാളെ കണ്ടപ്പോൾ പറഞ്ഞു: ഇനി നീ നിന്റെ സ്വഭാവം മാറ്റി മുസ്‌ലിമാകുക. അതിനുശേഷം അദ്ദേഹം തിരുനബി(സ)ന്റെ അടുത്തേക്ക് നടന്ന് ഒരു അൻസാരി സുഹൃത്തിന്റെ അരികിലൂടെ കടന്നുപോകുമ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഒരു മുസ്‌ലിമാണ്. ആ അൻസാരി അല്ലാഹുവിന്റെ റസൂൽ(സ)നോട് അയാൾ ഇസ്‌ലാം സ്വീകരിച്ചതായി പറഞ്ഞു. ഇപ്പോൾ അയാൾ ഇസ്‌ലാം സ്വീകരിച്ചുവെന്ന് പറയുകയാണെങ്കിൽ അത് അയാളും അല്ലാഹുവും തമ്മിലുള്ള കാര്യമാണെന്ന് നബി(സ) പറഞ്ഞു. ഇതിനെ തുടർന്ന് നബി(സ) അദ്ദേഹത്തെ വിട്ടയക്കുകയും ചെയ്തു.

ഹിജ്റ വർഷം 3 ലെ ജമാദുൽ ആഖിറിൽ ഖറദ എന്ന സ്ഥലത്തേക്ക് അയച്ച ഹദ്റത്ത് സൈദ് ബിൻ ഹാരിഥയുടെ സൈനീക നീക്കമാണ് ഈ സംഭവങ്ങളിലെ ഒരു പരാമർശം. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഈ സംഭവത്തെ കുറിച്ച് എഴുതുന്നത്, ബനൂസുലൈമിന്റെയും ബനൂഗത്ഫാന്റെയും ആക്രമണത്തിന് അൽപ്പം ആശ്വാസം ലഭിച്ചപ്പോൾ മറ്റൊരു ഭീഷണിയെ നേരിടാൻവേണ്ടി മുസ്‌ലിംകൾക്ക് നാട്ടിൽ നിന്നും പുറപ്പെടേണ്ടിവന്നു. ഖുറൈശികൾ തങ്ങളുടെ വ്യാപാരത്തിനായി ഹിജാസ് തീരദേശ വഴിയാണ് ഇതുവരെ സിറിയയിലേക്ക് പോയിരുന്നത്, എന്നാൽ ആ പ്രദേശത്തെ ഗോത്രങ്ങൾ മുസ്‌ലിംകളുടെ സഖ്യകക്ഷികളായി മാറിയതിനാൽ അവർ ഈ വഴി ഉപേക്ഷിച്ചു. അതിനാൽ, അവർ ഇറാഖിലേക്ക് പോകേണ്ടിയിരുന്ന നജ്ദി മാർഗം സ്വീകരിച്ചു. അതിന് സമീപത്ത് മുസ്‌ലിംകളുടെ മാരക ശത്രുക്കളായ സുലൈം, ഗത്ഫാൻ ഗോത്രങ്ങൾ താമസമാക്കിയിരുന്നു. അങ്ങനെ ജമാദുൽ ആഖർ മാസത്തിൽ, ഖുറൈശി യാത്രാസംഘം നജ്ദിലൂടെ കടന്നുപോകുകയാണെന്ന് തിരുനബി(സ)ക്ക് ഈ വാർത്ത ലഭിച്ചയുടൻ സൈദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ തന്റെ അനുചരന്മാരുടെ ഒരു സംഘത്തെ അയച്ചു. സൈദ് തന്റെ കടമ വളരെ ശ്രദ്ധാപൂർവ്വം നിറവേറ്റുകയും നജ്ദിലെ ഖർദയിൽ അവരെ നേരിടുകയും ചെയ്തു. പെട്ടെന്നുള്ള ഈ ആക്രമണത്തിൽ പരിഭ്രാന്തരായ ഖുറൈശികൾ തങ്ങളുടെ സമ്പത്ത് ഉപേക്ഷിച്ച് ഓടിപ്പോയി. സൈദ് ബിൻ ഹാരിഥയും സൈന്യവും ധാരാളം സമരർജിത സ്വത്തുമായി മദീനയിലേക്ക് മടങ്ങി.

മദീനയിലെ നേതാക്കളിൽ ഒരാളായ കഅബ് ബിൻ അശ്റഫിനെ വധിച്ചതാണ് ഒരു സംഭവം. നബി(സ)യുടെ കരാറിൽ ഉൾപ്പെട്ടിരുന്ന അയാൾ പിന്നീട് ഫിത്ന പ്രചരിപ്പിക്കാൻ ശ്രമിച്ചതിനെ തുടർന്ന് നബി(സ) അയാളെ വധിക്കാൻ ഉത്തരവിട്ടു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്‌യുടെ നിവേദനം ബുഖാരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു, അല്ലാഹുവിനും അവന്റെ ദൂതനും വലിയ വേദനയുണ്ടാക്കിയ കഅ്ബിനെ ആരാണ് കൈകാര്യം ചെയ്യുകയെന്ന് റസൂലുല്ലാഹ്(സ) ചോദിച്ചപ്പോൾ ഞാൻ അവനെ കൊല്ലുന്നതാണ് എന്ന് മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു. ഒരു കാരണം ഉണ്ടാക്കാനായി അദ്ദേഹം കഅബിന്റെ അടുക്കൽ വന്ന് പറഞ്ഞു: മുഹമ്മദ്(സ) ഞങ്ങളോട് സ്വദഖഃ ചോദിച്ചു ഞങ്ങളെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു. നിങ്ങളോട് കടം വാങ്ങാനാണ് ഞാൻ വന്നിട്ടുള്ളത്. ഈ വ്യക്തിയെ (മുഹമ്മദ്(സ)നെ) നീ വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന ദിവസം വിദൂരമല്ലെന്ന് കഅബ് പറഞ്ഞു. മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: ഞങ്ങൾ അദ്ദേഹത്തെ വിശ്വസിച്ചതിനാൽ ഞങ്ങൾക്ക് അദ്ദേഹത്തെ ഉപേക്ഷിക്കാൻ സാധിക്കുകയില്ല.

കഅ്ബ് പറഞ്ഞു: എങ്കിൽ നിങ്ങളുടെ സ്ത്രീകളേയോ മക്കളെയോ എനിക്ക് പണയം വെക്കുക. ഇത് അസാധ്യമാണെന്നും എന്നാൽ നമ്മുടെ പടചട്ട പണയം വയ്ക്കാം എന്നും മുഹമ്മദ് ബിൻ മസ്ലമ പറഞ്ഞപ്പോൾ കഅ്ബ് അത് സമ്മതിച്ചു. രാത്രിയായപ്പോൾ അവർ കഅ്ബിന്റെ വീട്ടിലേക്ക് എത്തുകയും അയാളെ വീട്ടിൽ നിന്ന് പുറത്തിറക്കുകയും തന്ത്രപരമായി കീഴടക്കി വധിക്കുകയും ചെയ്തു.

ബുഖാരിയുടെ ശർഹ് ആയ ശർഹ് ഉംദത്തുൽ ഖാരിയിൽ ഇത് വിശദമായി കാണാം. മുഹമ്മദ് ബിൻ മസ്ലമ തന്റെ കൂട്ടുകാരുമായി കഅ്ബിനെ ആക്രമിച്ച് കൊലപ്പെടുത്തിയപ്പോൾ, അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്ന ഹദ്റത്ത് ഹാരിസ് ബിൻ ഔസിന് കൂട്ടുകാരന്റെ തന്നെ വാൾമുന തട്ടി പരിക്കേറ്റു. അങ്ങനെ അദ്ദേഹത്തേയുംകൂട്ടി വേഗം മദീനയിലെത്തി തിരുനബിയുടെ സമക്ഷം ഹാജറായി. നബി(സ) ഹദ്റത്ത് ഹാരിസ് ബിൻ ഔസിന്റെ മുറിവിൽ ഉമിനീർ പുരട്ടി; ശേഷം അദ്ദേഹത്തിന് അതുമൂലമുള്ള പ്രയാസങ്ങളെല്ലാം ഇല്ലാതായി.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, കഅ്ബിനെ വധിച്ച വാർത്ത പരന്നപ്പോൾ ഒരു ജൂതസംഘം നമ്മുടെ നേതാവ് ഇങ്ങനെ കൊല്ലപ്പെട്ടുവെന്ന് നബി(സ)യോട് പരാതിപ്പെട്ടു. കഅ്ബിന്റെ കരാർലംഘനം, യുദ്ധപ്രേരണ, രാജ്യദ്രോഹം, അശ്ലീലഭാഷണം, തന്നെ കൊല്ലാനുള്ള ഗൂഢാലോചന, മറ്റ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് തിരുനബി(സ) അവരെ ധരിപ്പിച്ചു, ഈ ആളുകൾ ഭയത്തോടെ നിശബ്ദരായി. അവരുടെ സമ്മതത്തോടെയും ഭാവിയിലേക്ക് ഒരു പുതിയ കരാർ എഴുതി. യഹൂദർ രാജ്യദ്രോഹവും കുഴപ്പങ്ങളും ഒഴിവാക്കുമെന്ന് കരാർചെയ്തു. അതിനുശേഷം കഅബ് ബിൻ അശ്റഫിനെ വധിച്ചുവെന്ന് മുസ്ലിംകളുടെമേൽ ജൂതന്മാർ ആരോപണം ഉന്നയിച്ചതായി ചരിത്രത്തിൽ ഒരിടത്തും പരാമർശമില്ല; കാരണം കഅ്ബിന് അർഹമായ ശിക്ഷയാണ് ലഭിച്ചതെന്ന് അവർ മനസ്സിലാക്കിയിരുന്നു. തിരുനബി(സ) ഇതിലൂടെ നിയമവിരുദ്ധ കൊലപാതകമാണ് നടത്തിയെന്ന് ചില ചരിത്രകാരന്മാർ ആക്ഷേപിക്കുന്നു. എന്നാൽ ഇത് നിയമവിരുദ്ധമായ കൊലപാതകമല്ലെന്ന് വ്യക്തമാണ്; കാരണം കഅബ് ബിൻ അശ്റഫ് നബിയുമായി സമാധാന ഉടമ്പടിയുണ്ടാക്കിയിരുന്നു. (അതുപ്രകാരം) മുസ്ലിംകൾക്കെതിരെ നീങ്ങാൻ പറ്റില്ലെന്നു മാത്രമല്ല; ബാഹ്യശത്രുക്കൾക്കെതിരെ മുസ്ലിംകളെ സഹായിക്കുമെന്നും മുസ്ലിംകളുമായി സൗഹൃദം നിലനിർത്തുമെന്നും അയാൾ ഉടമ്പടി ചെയ്തിരുന്നു. പക്ഷേ അയാൾ മുസ്ലിംകളെ ഒറ്റിക്കൊടുക്കുകയും മദീനയിൽ കുഴപ്പങ്ങളുടെ വിത്ത് വിതച്ച് യുദ്ധത്തിന്റെ അഗ്നി ആളിക്കത്തിക്കുന്നതിനായി പരിശ്രമിക്കുകയും റസൂലുല്ലാഹ്(സ)നെ വധിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അയാൾ ചെയ്തുകൂട്ടിയ കുറ്റകൃത്യങ്ങളുടെ ആകെത്തുകയാണ് അയാൾക്കെതിരെ സ്വീകരിച്ച ഈ ശിക്ഷാ നടപടി. അതുകൊണ്ട്, ഇന്നത്തെ പരിഷ്കൃത രാജ്യങ്ങളിൽ കലാപം, രാജ്യദ്രോഹം, കരാർ ലംഘനം, യുദ്ധപ്രേരണ, തുടങ്ങിയവ നടത്തുന്ന കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നു. (എന്നിരിക്കെ) പിന്നെ എന്തിലാണ് ആക്ഷേപിക്കാനുള്ളത്? ഇന്ന് പലസ്തീനിനും ഇസ്റായീലിനും ഇടയിൽ സംഭവിക്കുന്നത് ഇതിലുമപ്പുറമാണ്. ഒരു തരത്തിലും അത് അനുവദനീയവുമല്ല.

രണ്ടാമത്തെ ചോദ്യം അയാളുടെ രഹസ്യമായ കൊലപാതകത്തിന്റെ രീതിയെക്കുറിച്ചാണ്. അക്കാലത്ത് അറേബ്യയിൽ എല്ലാ വ്യക്തികളും ഗോത്രങ്ങളും സ്വതന്ത്രരായിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കഅ്ബിനെതിരെ കേസെടുത്ത് ഔപചാരികമായ കൊലപാതക ഉത്തരവ് നടത്താൻ ഏത് കോടതിയാണ് ഉണ്ടായിരുന്നത്? ഉടമ്പടി പ്രകാരം, എല്ലാ തർക്കങ്ങളിലും രാഷ്ട്രീയ കാര്യങ്ങളിലും ഉചിതമെന്ന് തോന്നുന്ന ഏത് തീരുമാനവും എടുക്കാനുള്ള അധികാരം തിരുനബി(സ)നു നൽകിയിട്ടുണ്ട്. അതിനാൽ, രാജ്യസമാധാനത്തിനുവേണ്ടി കഅബിനെ രാജ്യദ്രോഹക്കുറ്റം ചുമത്തി വധശിക്ഷയ്ക്ക് വിധേയനാക്കുമെന്ന് അവിടുന്ന് പ്രഖ്യാപിച്ചാൽ, തിരുനബി(സ)ടെ വിധിക്കെതിരെ കോടതിയിൽ അപ്പീൽ നൽകാൻ ആർക്ക് എന്തവകാശമാണുള്ളത്? കഅ്ബിന്റെ കുറ്റകൃത്യങ്ങൾ കാരണം ജൂതന്മാർ തന്നെ ഈ ശിക്ഷ നിർബന്ധമായി കണക്കാക്കുകയും അതിനെ എതിർക്കാതെ മൗനം പാലിക്കുകയും ചെയ്തുവെന്ന് ചരിത്രത്തിൽ നിന്ന് തെളിയുകയും ചെയ്യുമ്പോൾ പ്രത്യേകിച്ചും.

ഹദ്റത്ത് ഉമർ(റ)ന്റെ മകൾ ഹദ്റത്ത് ഹഫ്സയുടെ രണ്ടാമത്തെ വിവാഹം ഈ കാലയളവിൽ ആണ് നടന്നത്. അവരെ (മുമ്പ്) വിവാഹം കഴിച്ച ഖനീസ് ബിൻ ഹുദാഫ എന്ന സ്വഹാബി ബദർ യുദ്ധത്തിൽ നിന്ന് മടങ്ങിയെത്തിയശേഷം അസുഖം ബാധിച്ച് വഫാത്താകുകയുണ്ടായി. ഹദ്റത്ത് ഹഫ്സയുടെ ഭർത്താവിന്റെ അകാല മരണത്തിന്റെ ആഘാതത്താലും ഹദ്റത്ത് ഉമറുമായുള്ള ബന്ധം ദൃഢമാക്കാനും ഹദ്റത്ത് ഹഫ്സക്ക് എഴുത്തും വായനയും അറിയുന്നതിനാൽ, അവർക്ക് വലിയ തോതിൽ പ്രബോധനവും ശിക്ഷണവും ചെയ്യാനാവും എന്നതിനാലും തിരുനബി(സ) ഹിജ്റ മൂന്നാം വർഷം ശഅ്ബാൻ മാസത്തിൽ അവരെ നിക്കാഹ് ചെയ്തു.

ഹദ്റത്ത് ഹഫ്സ, ഹിജ്റ വർഷം 45 ൽ **63**ാം വയസ്സിൽ ആണ് വഫാത്തായത്.

ഹദ്റത്ത് അലിയുടെയും ഹദ്റത്ത് ഫാത്തിമയുടെയും വിവാഹം ഹിജ്റ 2 ലെ സംഭവങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഹിജ്റ 3 ന് റമദാനിൽ അതായത് വിവാഹം കഴിഞ്ഞ് പത്ത് മാസത്തിനുശേഷം അവർക്ക് ഒരു കുട്ടി ജനിച്ചു, അതിന് റസൂൽ(സ) ഹസൻ എന്ന് പേരിട്ടു. റസൂലുല്ലാഹ്(സ) ഈ കുട്ടിയെ പറ്റി ഒരിക്കൽ പറഞ്ഞു: എന്റെ ഈ കുട്ടി നേതാവ് എന്നർത്ഥം വരുന്ന സയ്യിദ് ആകുന്നു. അദ്ദേഹത്തിലൂടെ അല്ലാഹു രണ്ട് മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കുന്ന ഒരു കാലം വരും. ഈ പ്രവചനം അദ്ദേഹത്തിന്റെ കാലത്ത് പൂർത്തിയായി.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ഫലസ്തീനിലെ മുസ്‌ലിംകൾക്ക്‌വേണ്ടി പ്രാർത്ഥിക്കാൻ ആഹ്വാനം നടത്തിക്കൊണ്ട് പറഞ്ഞു: ഞാൻ പല ഖുത്ബകളിലും പലസ്തീനികൾക്കു വേണ്ടി ദുആ ചെയ്യുന്ന കാര്യം സൂചിപ്പിച്ചതു പോലെ, ഇന്നും അതിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നത്, പ്രാർത്ഥിച്ചു കൊണ്ടേയിരിക്കുക. ഇപ്പോൾ അക്രമം അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുകയാണ്. ഹമാസുമായുള്ള യുദ്ധത്തിന്റെ പേരിൽ നിരപരാധികളായ കുട്ടികളും സ്ത്രീകളും വൃദ്ധരും രോഗികളും കൊല്ലപ്പെടുന്നു. യുദ്ധത്തിന്റെ എല്ലാത്തരം നിയമങ്ങളും നിയന്ത്രണങ്ങളും ഈ നാമമാത്രമായ പരിഷ്കൃത ലോകം തള്ളിക്കളഞ്ഞിരിക്കുന്നു. അല്ലാഹു മുസ്‌ലിം രാജ്യങ്ങൾക്കും ബുദ്ധി നൽകട്ടെ. മുസ്‌ലിംകൾ ഐക്യപ്പെടണമെന്ന് 72 – 73 വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുന്നറിയിപ്പ് നൽകിയിരുന്നു. ഒന്നായിട്ടില്ലെങ്കിൽ ഓരോരുത്തരായി സ്വയം നശിക്കണമെന്നോ അല്ലെങ്കിൽ ഒറ്റക്കെട്ടായി മാറി ഒരു അസ്തിത്വമായി തുടരണമെന്നോ അവർ തീരുമാനിക്കട്ടെ. ഈ ആളുകൾ ഇനിയും ഇത് മനസ്സിലാക്കി ഒന്നായിത്തീർന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. സ്ഥിതി എത്രത്തോളമെന്നാൽ ഉംറക്ക് പോകുന്നവരോട് അവിടെ പോയി പലസ്തീൻ ഇസ്റായേൽ യുദ്ധത്തെ കുറിച്ച് സംസാരിക്കരുതെന്ന് വിസ നൽകുമ്പോൾ അവിടെയുള്ള സർക്കാർ നിർദേശിക്കുന്നുണ്ടെന്ന് ആരോ പറഞ്ഞു. ഇത് ശരിയാണെങ്കിൽ, അത് മുസ്‌ലിം ഭരണകൂടത്തിന്റെ കടുത്ത ഭീരുത്വത്തിന്റെ പ്രകടനമാണ്. എതായിരുന്നാലും, ഉംറയുടെ ആരാധന യഥാവിധി നിർവഹിക്കുക. ആ സമയത്ത്, അത്തരം ചർച്ചകളൊന്നും ഉണ്ടാകില്ല, പക്ഷേ മർദിതരായ ഫലസ്തീനികൾക്കുവേണ്ടി ദുആ തീർച്ചയായും ചെയ്യേണ്ടതാണ്. പോകുന്നവർ ഈ ദുആകളും കൂടി ഓർത്താൽ എത്ര നന്നായിരുന്നു.

ഇന്ന് മുസ്‌ലീം ഭരണകൂടങ്ങൾ വളരെ ദുർബലമായ ശബ്ദമാണ് ഉയർത്തുന്നത്. എന്നാൽ ചില അമുസ്‌ലിംകളും രാഷ്ട്രീയക്കാരും സർക്കാരുകളും ഇതിലും ഉച്ചത്തിൽ ശബ്ദങ്ങൾ ഉയർത്തിയിട്ടുണ്ട്. മുസ്‌ലിംകളിലും അല്ലാഹു ധൈര്യവും വിവേകവും ഉണ്ടാക്കട്ടെ. യുഎൻ സെക്രട്ടറി ജനറലും നന്നായി സംസാരിക്കുന്നു. ഇപ്പോൾ വളരേ നന്നായി സംസാരിക്കുന്നുണ്ട്. പക്ഷേ അവരുടെ ശബ്ദത്തിന് ഒരു പ്രാധാന്യവുമില്ലെന്ന് തോന്നുന്നു. ഈ യുദ്ധം കൂടുതൽ വ്യാപിച്ച് ലോകമഹായുദ്ധമായാൽ, അതിന്റെ അവസാനത്തോടെ യുഎന്നിന്റേയും അവസാനമായിരിക്കുമെന്ന് തോന്നുന്നു. അല്ലാഹു ലോകത്തിന് ബുദ്ധി നൽകട്ടെ. ഇപ്പോൾ ലോകം അതിന്റെ നാശത്തിലേക്ക് അടുക്കുകയാണെന്ന് തോന്നുന്നു, ഈ നാശത്തിന് ശേഷം രക്ഷപ്പെടുന്നവർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ, അവർ അല്ലാഹുവിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച് അവനിലേക്ക് മടങ്ങുമാറാകട്ടെ. എന്നിരുന്നാലും, ഇക്കാര്യത്തിൽ നാം ഒരുപാട് പ്രാർത്ഥിക്കേണ്ടതാണ്. അല്ലാഹു ലോകത്തോട് കരുണ കാണിക്കട്ടെ. (ആമ്മീൻ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Masjid Mubarak, Islamabad, Tilford, UK – on 17.11.2023

Malayalam Translation & Typing **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516